"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജർമ്മനിയിലെ ബെർലിനിൽ നടന്ന ഇന്നോട്രാൻസ് 2024 എക്സിബിഷനിൽ പങ്കെടുക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മാനേജിംഗ് ഡയറക്ടറും, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും ജർമ്മനിയിലേക്കും തിരിച്ചും യാത്ര ചെയ്തത് അംഗീകരിച്ചുകൊണ്ടുള്ള കെയ്സിന്റെ 32-ാമത് ഭരണ സമിതിയോഗ തീരുമാനം സാധൂകരിച്ചുകൊണ്ടും, പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.417/2025/LBR    തീയതി, തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. 24.09.2024-ലെ സ.ഉ(സാധാ)നം.4259/2024/ജി.എ.ഡി
2. 24.09.2024-ലെ സ.ഉ(സാധാ)നം.980/2024/LBR
3. കെയ്സിന്റെ 32-ാമത് ഭരണ സമിതി യോഗ തീരുമാനം നം.32/27/2024-25.
4. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 22.02.2025-ലെ KASE/125/2024-Exe10 നമ്പർ കത്ത്.

**ഉത്തരവ്**

2024 സെപ്റ്റംബർ 24 മുതൽ സെപ്റ്റംബർ 27 വരെ ജർമ്മനിയിലെ ബെർലിനിൽ നടന്ന ഇന്നോട്രാൻസ് 2024 എക്സിബിഷനിൽ പങ്കെടുക്കുന്നതിനായി ജർമ്മനിയിലേക്ക് യാത്ര ചെയ്യുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലെ മാനേജിംഗ് ഡയറക്ടറായ ശ്രീ.സുഫിയാൻ അഹമദ്, ഐ.എ.എസ്-നും, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായ ശ്രീ.ടി.വി.വിനോദിനും അനുമതി നൽ കിക്കൊണ്ടും, പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട ചെലവ് 2230-001-96 (Administrative Expenditure for KASE and KSID) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും യഥാക്രമം പരാമർശം (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കെയ്സിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും, മാനേജിംഗ് ഡയറക്ടറും യഥാക്രമം 24.09.2024, 25.09.2024 തീയതികളിൽ ജർമ്മനിയിലേക്ക് യാത്ര ആരംഭിച്ച് 29.09.2024-ന് തിരികെ യാത്ര ചെയ്തതും, പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ടുള്ള ചെലവുകളും കെയ്സിന്റെ ഭരണ സമിതി പരാമർശം (3) പ്രകാരം അംഗീകരിക്കുകയും, ആയത് സാധൂകരിക്കണമെന്ന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ ബെർലിനിൽ നടന്ന ഇന്നോട്രാൻസ് 2024 എക്സിബിഷനിൽ പങ്കെടുക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും, മാനേജിംഗ് ഡയറക്ടറും യഥാക്രമം 24.09.2024, 25.09.2024 തീയതികളിൽ ജർമ്മനിയിലേക്ക് യാത്ര ആരംഭിച്ച് 29.09.2024-ന് തിരികെ യാത്ര ചെയ്തത് അംഗീകരിച്ചുകൊണ്ടുള്ള കെയ്സിന്റെ 32-ാമത് ഭരണ

സമിതിയോഗ തീരുമാനം നം.32/27/2024-25 സാധൂകരിച്ചുകൊണ്ടും, പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
2. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 29-03-2025 14:45:42
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.